

# വാർത്തകളും കുറിപ്പുകളും

**1. വാർഷിക സ്തോത്രദാന സമർപ്പണം**

നവംബർ 13, 20, 27 ഞായറാഴ്ചകളിൽ നടന്ന ആരാധനകളിൽ വാർഷിക സ്തോത്രദാന കവറുകൾ ഏരിയാ അടിസ്ഥാനത്തിൽ സമർപ്പിച്ച എല്ലാ സഭാജനങ്ങളോടും സഭയുടെ നന്ദി അറിയിക്കുന്നു. ഇനിയും സ്തോത്രദാനങ്ങൾ നല്കുവാൻ ഉള്ളവർ ഡിസംബർ 4, ഹാർവെസ്റ്റ് ഫെസ്റ്റിവൽ ദിനത്തിലോ, അതിന് ശേഷമോ, ഓൺലൈൻ ആയോ സമർപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**2. ആദ്യഫലപെരുന്നാൾ: ഡിസംബർ 4 ഞായർ**

ഡിസംബർ 4 ഞായറാഴ്ച നാം ആദ്യഫലപ്പെരുന്നാൾ ആചരിക്കുമ്പോൾ സംഘടനകളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിരുന്ന എല്ലാ സ്റ്റാളുകളും രണ്ട് വർഷത്തെ ഇടവേളയ്ക്ക് ശേഷം ഈ വർഷം സജ്ജീകരിക്കുകയാണ്. ഇവയുടെ പ്രവർത്തനത്തിലും ആദ്യഫല ലേലത്തിലും എല്ലാ സഭാംഗങ്ങളും സജീവമായി പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. Welcoming Christmas 2022 : *'Christmas Treat'* December 18 Sunday**

ക്രിസ്തുമസിനെ വരവേൽക്കാനായി മുൻകാലങ്ങളിൽ കുഞ്ഞുങ്ങൾക്കും, യൗവ്വനക്കാർക്കും, മുതിർന്ന സഭാ ജനങ്ങൾക്കുമായി നടത്തിക്കൊണ്ടിരുന്ന 'ക്രിസ്തുമസ് ട്രീറ്റ്' ഈ വർഷം മുതൽ വീണ്ടും പുനഃസംഘടിപ്പിക്കുകയാണ്. ഡിസംബർ മൂന്നാം ഞായറാഴ്ച (18-12-2022) വൈകുന്നേരം 4 മണി മുതലാണ് ഈ പരിപാടി നടത്തുന്നത്. സണ്ടേസ്കൂൾ കുഞ്ഞുങ്ങൾ, യൂത്ത്മൊമെന്റ്, ഗോൾഡനേജ് ഫെല്ലോഷിപ്പ് എന്നീ സംഘടനകളും സഭാ ജനങ്ങൾക്ക് മുമ്പാകെ ക്രിസ്തുമസ് പരിപാടികൾ അവതരിപ്പിക്കുന്നതായിരിക്കും. ഈ പരിപാടിക്ക് നമ്മെ സന്ദർശിക്കുന്നതിനായി **സാന്താക്ലോസ്സും** എത്തിച്ചേരുന്നതാണ്. ചർച്ച് കമ്മിറ്റി അംഗങ്ങളായ ശ്രീ. സുകു സി. ഉമ്മൻ, ശ്രീ. ബിജു ജോസഫ്, ശ്രീ. ജേക്കബ് തോമസ് എന്നിവർ ഈ ക്രിസ്തുമസ് പരിപാടിക്ക് നേതൃത്വം നൽകുന്നു. ഈ ക്രിസ്മസ് പരിപാടിയിൽ എല്ലാ സഭാജനങ്ങളും കുഞ്ഞുങ്ങളോടും പ്രായപൂർത്തിയായ മാതാപിതാക്കളോടും കൂടെ പങ്കെടുക്കുവാൻ അഭ്യർത്ഥിക്കുന്നു.

**4. ക്രിസ്തുമസ് കരോൾ: ഡിസംബർ 24 ശനി**

നമ്മുടെ ഗായകസംഘം അവതരിപ്പിക്കുന്ന ക്രിസ്തുമസ്

കരോൾ സർവീസ് ഡിസംബർ 24, ശനിയാഴ്ച വൈകിട്ട് ദീപാലം കൃതമായ പള്ളിയുടെയും പരിസരത്തിന്റെയും പശ്ചാത്തലത്തിൽ നടത്തപ്പെടും. നേതൃത്വം നൽകുന്ന ക്വയർ മാസ്റ്റർമാരെയും എല്ലാ ഗായകസംഘാംഗങ്ങളെയും ദൈവകരങ്ങളിൽ സമർപ്പിച്ച് സഭയായി പ്രാർത്ഥിക്കുന്നു.

**5. വർഷാന്ത്യ ആരാധനയും ഉടമ്പടി ശുശ്രൂഷയും: ഡിസംബർ 31, ശനി**

ഡിസംബർ 31 രാത്രി നടത്തുന്ന അത്മായ വർഷാന്ത്യ സ്തോത്ര ആരാധനയിലും തുടർന്നുള്ള നവവത്സര ഉടമ്പടി ശുശ്രൂഷയിലും സംബ ന്ധിച്ച് അനുഗ്രഹം പ്രാപിക്കണമേ എന്ന് എല്ലാ സഭാജനങ്ങളോടും അഭ്യർത്ഥിക്കുന്നു.

**6. സണ്ടേസ്കൂൾ ഞായർ: നവംബർ 6**

നവംബർ 6, സണ്ടേസ്കൂൾ ഞായർ ആചരിച്ചു. സണ്ടേസ്കൂൾ കുഞ്ഞുങ്ങളും അദ്ധ്യാപകരും ചേർന്ന് ഇംഗ്ലീഷ്, മലയാളം ആരാധനാ മദ്ധ്യേ അവതരിപ്പിച്ച പ്രത്യേക ഗാനശുശ്രൂഷ വളരെ മനോഹരമാ യിരുന്നു. മാസ്റ്റർ ജിതിൻ സാമുവേൽ ഇട്ടി, ശ്രീ. മനോജ് കെന്നത്ത് എന്നിവർ ഇംഗ്ലീഷ് ആരാധനയിലും മാസ്റ്റർ ജോഷ് വർഗീസ്, നീതു ആൻ മാത്യു കൊച്ചമ്മ എന്നിവർ മലയാള ആരാധനയിലും സണ്ടേ സ്കൂൾ ദിന വചനശുശ്രൂഷ നടത്തി. ഏവർക്കും നന്ദി.

**7. സണ്ടേസ്കൂൾ: അർദ്ധദിന ക്യാമ്പ്: നവംബർ 12**

നവംബർ 12 ശനിയാഴ്ച 9 മണി മുതൽ 12.30 വരെ സണ്ടേസ്കൂൾ അർദ്ധദിന ക്യാമ്പ് നടത്തി. വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള സെഷൻ സണ്ടേസ്കൂൾ അദ്ധ്യാപകരും, അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും വേണ്ടിയുള്ള "മാതാപിതാക്കളോട് സ്നേഹത്തോടെ" എന്ന സെഷൻ ശ്രീ. ജോർജ് ബെഹനാനും നയിച്ചു. ഏറ്റവും അനുഗ്രഹകരമായി നടത്തിയ ഈ ക്യാമ്പിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും സഭയുടെ നന്ദി.

**8. പെൺശിശു ഞായർ : നവംബർ 20**

നവംബർ 20, പെൺകുട്ടികളുടെ ഞായർ ആയി ആചരിച്ചു. ഇംഗ്ലീഷ് ആരാധനയിൽ വചനശുശ്രൂഷ നടത്തിയ സജു മേരി ഏബ്രഹാം കൊച്ചമ്മ, മലയാളം ആരാധനയിലെ വചനശുശ്രൂഷ നടത്തിയ അഡ്വക്കേറ്റ് മിസ്സ്. നിരഞ്ജന മറിയം മാത്യു എന്നിവരോട് സഭയുടെ പേരിൽ നന്ദി അറിയിക്കട്ടെ.

**9. വിമൻസ് ഫെലോഷിപ്പ് - WMA ജില്ലാ സമ്മേളനം - നവംബർ 26**

അടൂർജില്ലയുടെ Womens Missionary Auxiliary പ്രസ്ഥാനത്തിന്റെ ജില്ലാ സമ്മേളനം നവംബർ 26 ശനിയാഴ്ച നമ്മുടെ ദേവാലയത്തിൽവച്ച്

നടത്തപ്പെട്ടു. 240–ലധികം പേർ പങ്കെടുത്ത ഈ സമ്മേളനത്തിൽ സംബന്ധിച്ച എല്ലാവർക്കും ഇതിന്റെ സംഘാടകർക്കും സഭയുടെ നന്ദി അറിയിക്കട്ടെ.

നമ്മുടെ സഭയുടെ ഏറ്റവും പ്രധാനപ്പെട്ട പല പരിപാടികളും നടത്തപ്പെടുന്ന മാസമാണ് ഡിസംബർ. എല്ലാ പരിപാടികളും ആദിയോടന്തം ദൈവിക സാന്നിദ്ധ്യത്താൽ നിറയപ്പെടുന്നതിനും പ്രകൃതി ഏറ്റവും അനുകൂലമാക്കപ്പെടുന്നതിനും വേണ്ടി സഭാജനങ്ങളുടെ പ്രാർത്ഥന അഭ്യർത്ഥിച്ചുകൊണ്ട്

പ്രാർത്ഥനയോടെ,

**തോമസ് ബിജു മാത്യു**

ചർച്ച് സെക്രട്ടറി

## Area Prayer Meeting

| Time | Area | Name | IDNo. | PageNo. | Phone |
|---|---|---|---|---|---|
| **11-12-22 Monday** 4.30pm | **Pattom-Plamoodu** | Mr. Ajo Chandy<br>34, MN Lane, Plamoodu | A-051 | 287 | 9447771482 |
| **12-12-22 Monday** 5.00pm | **Palayam,Vazd,Thyd** | Mr. D. Soman John<br>Sheela Cottage, market Lane | S-073 | 247 | 9447007700 |

**ഏരിയ പ്രയർ കൺവീനർമാരുടെ ശ്രദ്ധയ്ക്ക്**

ഏരിയ പ്രയർ കൂടിവരവ് – മീറ്റിംഗുകളുടെ വിവരങ്ങൾ, 20–ാം തീയതിക്കു മുമ്പായി ലഭിച്ചാൽ ടൈഡിംഗ്സിൽ പ്രസിദ്ധീകരിക്കുന്നതാണ്.



## ക്രിസ്തുമസ് നവവത്സര ആശംസകൾ...



*ടൈഡിംഗ്സ് എഡിറ്റോറിയൽ ബോർഡ്*